# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2967 — 18/06/2019-ൽ മറുപടിക്ക്

## ഖാദർ കമ്മിറ്റി റിപ്പോർട്ട് ഉണ്ടാക്കുന്ന പ്രത്യാഘാതം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>,, **ഐ.സി.ബാലകൃഷ്ണൻ**<br>,, **സണ്ണി ജോസഫ്**<br>,, **എൽദോസ് പി. കുന്നപ്പിള്ളിൽ** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

എ) കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ പ്രസ്തുത മേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിരുന്നോ; വിശദമാക്കാമോ;

ബി) പതിനഞ്ച് ലക്ഷം വിദ്യാർത്ഥികളെയും രണ്ട് ലക്ഷം അദ്ധ്യാപക അനദ്ധ്യാപകരെയും ബാധിക്കുന്ന സുപ്രധാന തീരുമാനം വളരെ ലാഘവത്തോടെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്നുള്ള ആക്ഷേപം വസ്തുതാപരമല്ലേ;

എ) & ബി) ഖാദർ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിലൂടെ പൊതുജനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ തേടിയിരുന്നു. കൂടാതെ വിദ്യാഭ്യാസ വിചക്ഷണന്മാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവരുമായി ആശയവിനിമയം നടത്തിയിരുന്നു. ഇതിന് പുറമേ റിപ്പോർട്ട് പ്രസിദ്ധീകരിച്ച ശേഷം സർക്കാർ റിപ്പോട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ച് അദ്ധ്യാപക- അനദ്ധ്യാപക, സർവ്വീസ് സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, മാനേജ്മെന്റ് പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്ത് ഗൗരവപൂർണ്ണമായാണ് ഏകീകരണം നടപ്പിലാക്കിയത്.

സി) 10, പ്ലസ് 2, പ്ലസ് 3 എന്ന ദേശീയ വിദ്യാഭ്യാസനയത്തിന് കടകവിരുദ്ധമാണോ ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ; ആണെങ്കിൽ ഈ പരിഷ്കാരം കൊണ്ട് എന്ത് അക്കാഡമിക് ഗുണമാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ;

സി) ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരട് മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. ചർച്ചകൾക്കുശേഷം അന്തിമ രൂപം കൈവരിച്ച ശേഷമേ അക്കാര്യം വിലയിരുത്താനാവൂ.

| | | | |
|---|---|---|---|
| ഡി) | പൊതുവേ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് അനാവശ്യമായ സമരങ്ങളും അസ്വസ്ഥതകളും ഉടലെടുക്കുവാൻ ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ വഴിയൊരുക്കുമെന്നതിനാൽ പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്ന കാര്യം പുനഃപരിശോധിക്കുമോ എന്ന് വ്യക്തമാക്കാമോ? | ഡി) | 31.05.2019-ലെ സ.ഉ.(കൈ)നം.53/2019/പൊ.വി.വ. പ്രകാരം 2019-20 അദ്ധ്യയന വർഷത്തിൽതന്നെ ആദ്യഘട്ടം നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. പ്രസ്തുത സർക്കാർ തീരുമാനം പൊതുവിൽ സ്വീകരിക്കപ്പെടുകയും ചെയ്തതിനാൽ പുനഃപരിശോധനയുടെ ആവശ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ